ഉത്തരം

(എ) ആസ്തി വികസന ഫണ്ടിൽപ്പെടുത്തി മാറേറിക്കര മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മാത്രം 359 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി മൊത്തം 1366 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുണ്ട്. 1.34 കോടി രൂപ ബാക്കിയുണ്ട്.

(സി) തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ഖാദി സർവ്വോദയ സംഘത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ധനാനുമതിയും ഭരണാനുമതിയും നൽകിയിരുന്നു. ടി ഫയൽ ശീർഷകം മാറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് വിംഗിൽ പരിശോധിച്ചുവരികയാണ്. നടപടികൾ പൂർത്തിയാക്കുന്നതിനായുള്ള അടിയന്തര നിർദ്ദേശം നൽകുന്നതാണ്.

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട്

131 (3285) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊടുക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശമ്പളം പെൻഷൻ പരിഷ്കരണം എന്നിവ ഉൾപ്പെടുന്ന റിപ്പോർട്ടിന്റെ ഒന്നാം ഭാഗം 3-7-2015-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ 30-11-2013 തീയതിയിലെ സ.ഉ.(കൈ)നമ്പർ 583/2013/ധന ഉത്തരവ് പ്രകാരം നിലവിൽ വന്നു. 2014 ആഗസ്റ്റ് മാസം വരെ കമ്മീഷൻ സെക്രട്ടേറിയറ്റിലെ താൽക്കാലിക ഓഫീസിലാണ് പ്രവർത്തിച്ചിരുന്നത്. 2014 സെപ്റ്റംബർ മാസം മുതൽ നന്തൻകോട് സ്വരാജ് ഭവനിൽ കമ്മീഷന് സ്വന്തമായി ഓഫീസ് സംവിധാനം നിലവിൽ വന്നതിനുശേഷമാണ് പൂർണ്ണതോതിലുള്ള പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പ്രതിപാദിച്ചിട്ടുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, വിവര സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി സേവനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിലൂടെ പൊതുസേവന വ്യയം കുറയ്ക്കുന്നതിന് അനുയോജ്യമായ ശിപാർശകൾ നൽകുക എന്നിവയ്ക്ക് ദീർഘമായ പഠനം ആവശ്യമാണ്. കൂടാതെ കേരള ജല അതോറിറ്റി, ഹൈക്കോടതി എന്നിവയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ചുമതലയും പത്താം ശമ്പള പരിഷ്കരണ കമ്മിഷന് സർക്കാർ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 1-7-2015-ലെ സ.ഉ.(കൈ) നം.263/2015/ധന പ്രകാരം പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 30-11-2015 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

സ്വയം സംരംഭകത്വ മിഷൻ

132 (3286) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം സംരംഭകത്വ മിഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് തൊഴിൽ ലഭ്യമായി; ഓരോ ജില്ലയിലും ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര സംരംഭങ്ങൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

31-5-2015-ലെ കണക്കുകൾ പ്രകാരം കേരള സംരംഭകത്വ വികസന മിഷനിലൂടെ 5453 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ നേരിട്ടുള്ള സംരംഭകരായ 2403 പേരെ കൂടാതെ 3050 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ച് ലഭിച്ചിട്ടുള്ള അപേക്ഷകളുടെയും അനുവദിച്ച സംരംഭങ്ങളുടെയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	ജില്ല	ലഭിച്ച അപേക്ഷകൾ	വായ്പ അനുവദിച്ച സംരംഭങ്ങൾ
(1)	(2)	(3)	(4)
1	തിരുവനന്തപുരം	1504	198
2	കൊല്ലം	765	29
3	പത്തനംതിട്ട	366	25
4	കോട്ടയം	956	63
5	ആലപ്പുഴ	777	46
6	എറണാകുളം	1350	121
7	ഇടുക്കി	761	90

LIBRARY ARCHIVES Kerala Legislative Assembly